**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1596** **04.12.2018 ൽ മറുപടിയ്ക്ക്**

## കേരഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. വിജയൻ പിള്ള** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയ 'കേരഗ്രാമം' പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) നല്ലയിനം തെങ്ങിൻ തൈകൾ കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ് എന്നീ സ്ഥാപനങ്ങൾ മുഖേനയും, സർക്കാർ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത നഴ്സറികൾ മുഖേനയുമാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങൾ കണ്ടെത്തി മാർക്ക് ചെയ്ത് അവയിൽ നിന്ന് ശാസ്ത്രീയമായി വിത്ത് തേങ്ങ ശേഖരിച്ച് സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ നഴ്സറി പരിപാലന മുറകൾ പാലിച്ചാണ് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നത്.<br><br>വിത്ത് തേങ്ങ സംഭരണത്തിനായി കൃഷി വകുപ്പിന്റെ കീഴിൽ 3 വിത്ത് തേങ്ങ സംഭരണ കേന്ദ്രങ്ങൾ കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ച് വരുന്നു. സംഭരിച്ച വിത്തു തേങ്ങകൾ കൃഷി വകുപ്പിന്റെ 8 തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങൾ മുഖേനയും മറ്റ് കൃഷി ഫാമുകൾ മുഖേനയും പാകി ഗുണമേന്മയുള്ള തെങ്ങിൻ തൈകളാക്കി "കേരസമൃദ്ധി" പദ്ധതി പ്രകാരം കർഷകരിലേക്ക് എത്തിക്കുന്നു.<br><br>സംസ്ഥാനത്തെ നാളികേര മേഖലയുടെ സമഗ്ര |

വികസനത്തിനായി 21.11.2018- ലെ സ.ഉ (കൈ) നം. 138/18/കൃഷി പ്രകാരം നാളികേര വികസന കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നാളികേര വികസനത്തിനായി താഴെ പറയുന്ന പ്രധാന പുതിയ ഇടപെടലുകൾ വിഭാവനം ചെയ്യുന്നുണ്ട്.

1. 10 വർഷം കൊണ്ട് കേരളത്തിലെ നാളികേര കൃഷി 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി വ്യാപിപ്പിക്കുക.
2. തെങ്ങിന്റെ ഉല്പാദന ക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുക.
3. ശാസ്ത്രീയമായ വിത്ത് തേങ്ങ സംഭരണം വിപുലപ്പെടുത്തിയും വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചും ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത ആവശ്യാനുസരണം എല്ലാ കർഷകർക്കും ഉറപ്പുവരുത്തുക.
4. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക. ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കുക.
5. നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി 'കേരഗ്രാമങ്ങൾ' ആരംഭിക്കുക.
6. വിളവെടുപ്പിനും, കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി യുവതീയുവാക്കൾക്ക് പരിശീലനം നൽകി കേര കർമ്മസേനകൾ രൂപീകരിക്കുക.
7. നാളികേരാധിഷ്ഠിത മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
8. നാളികേര മേഖലയിൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക.
9. നാളികേര അഗ്രോപാർക്കുകൾ പ്രവർത്തനം ആരംഭിക്കുക.
10. നീര ഉൾപ്പെടെയുള്ള ഗുണമേന്മയുള്ള കേരോല്പന്നങ്ങൾ ദേശീയ/ അന്തർദേശീയ വിപണികളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

Mayaf

**സെക്ഷൻ ഓഫീസർ**